# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തക സമിതി യോഗം SWC 02/2021
# 25.04.2021 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്
3. ജില്ലാ റിപ്പോർട്ട്
4. വിവിധ കമ്മിറ്റികളുടെ രൂപീകരണം
5. കോവിഡ് വാക്സിൻ ചലഞ്ച്
6. മറ്റു കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. എം. സത്യൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീത നമ്പിയാർ എം. കെ., ഡോ. രാജേഷ്കുമാർ പി., ഡോ. വിനു ഭാസ്ക്കർ, സന്തോഷ് ടി. വർഗീസ്, രഘുദാസ് പി. വി., ശശി സി. ടി., ഡോ. സുനിൽ വി. ടി., ഡോ. പ്രിൻസ് പി. ആർ., സൗമ്യ എസ്., ഡോ. മാണിക്യരാജ് കെ., ഡോ. എം. എ. അസ്കർ., ഡോ. സുനിത എ. പി., ഡോ. ഷാനവാസ് പി. എച്ച്., ഡോ. ബേബി ഷീബ, ഡോ. സഞ്ചയ്കുമാർ എസ്., ജിനീഷ് പി. എസ്., ഡോ. ബി. അശോക്, സജിത്ത് കുമാർ പി., രജിത സി. ആർ., ഡോ. എ. ബാലകൃഷ്ണൻ, ഡോ. പ്രദീപ് കുമാർ, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, രഞ്ജിത് മോഹൻ പി., ഡോ. എം. എസ്. മുരളി, ഡോ. ജോജോമോൻ എൻ.എ., അബ്ദുൾ റഷീദ്, സുശാന്ത്, ദിനേശ് പി കെ, സോബിൻ വർഗീസ് എം. വി., മഞ്ജുള, ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. അലിക്കുട്ടി സി., ഡോ. റോസ്നികസ് പി. കെ., ഡോ. വിഷ്ണു വി.എസ്., ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. ഗ്രേഷ്യസ് ജെ., ഡോ. സെനോ ജോസ്, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. ബി. ഉണ്ണികൃഷ്ണൻ നായർ, ജയരാജ് ജെ., ഡോ. ഷജില ബീവി, ഡോ. റിജുലാൽ ജി., ഡോ. ചന്ദ്രമോഹൻ കെ. ടി., രാജു. എം. സി.

രാവിലെ 10.00ന് ഓൺലൈനായി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ആധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. എം. സത്യൻ റിപ്പോർട്ടിങ് നടത്തി. സംസ്ഥാന ട്രഷറർ ഡോ. മുഹമ്മദ് റഫീഖ് ടി. അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

പാലക്കാട് വിക്ടോറിയ കോളേജ് അധ്യാപകനും, എ.കെ.ജി.സി.ടി. പ്രവർത്തകനായുമായ ഡോ. ഷിബു., ആർ. എസ്. എസ്കാർ കൊലപ്പെടുത്തിയ എസ്. എഫ്. ഐ പ്രവർത്തകൻ അഭിമന്യു, തമിഴ് നടൻ വിവേക്, സംവിധായക സുമിത്ര ഭാവേ, വ്യവസായി ടി.വി. സക്കറിയ, ലോ അക്കാദമി സ്ഥാപകൻ ഡോ. എൻ. നാരായണൻ നായർ, മാധ്യമപ്രവർത്തകൻ ആശിഷ് യെച്ചൂരി, ബോളിവുഡ് സംഗീതസംവിധായകൻ ശ്രവൺ റാത്തോഡ്, ഓക്സിജൻ ലഭിക്കാതെ ദാരുണമായി മരണമടഞ്ഞ ഉത്തരേന്ത്യയിലെ ജനങ്ങൾ, കോവിഡ് മഹാമാരിയിൽ അകപ്പെട്ട

നമ്മെ വിട്ടു പിരിഞ്ഞ അനേകായിരം മനുഷ്യർ, ആരോഗ്യ പ്രവർത്തകർ, തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ എ.കെ.ജി.സി.ടി.യുടെ 63മത് സംസ്ഥന സമ്മേളനം വളരെ ഭംഗിയായി നടന്നു എന്നാണ് സംസ്ഥാനസമിതി വിലയിരുത്തുന്നത്. തിരുവനന്തപുരത്ത് ഓഫ്ലൈൻ ആയും മറ്റു ജില്ലകളിൽ ഓൺലൈൻ ആയുമാണ് സമ്മേളനം നടന്നത്. മികച്ച പങ്കാളിതം എല്ലായിടത്തും ഉണ്ടായി. സമ്മേളനത്തിന്റെ സംഘാടനം സ്വാഗതസംഘം ജനറൽ സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ സെക്രട്ടറിയുമായ ഡോ. എ.ബാലകൃഷ്ണന്റെ നേതൃത്വത്തിൽ നല്ല രീതിയിൽ നടന്നു. സമ്മേളനത്തിന്റെ വരവ്ചെലവ് കണക്കുകൾ അടുത്ത വർക്കിങ് കമ്മിറ്റിയിൽ അവതരിപ്പിക്കുന്നതാണ്. സമ്മേളനദിവസംതന്നെ വൈകിട്ട് സംസ്ഥാനപ്രവർത്തകസമിതി ചേർന്നിരുന്നു. മാർച്ച് 27നു എറണാകുളം മഹാരാജാസ് കോളേജിൽ വച്ച് സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്ക് സമുചിതമായ യാത്രയപ്പ് നൽകി. ഡോ. എം.കെ.സാനു മാസ്റ്റർ പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു. എറണാകുളം ജില്ലാ സെക്രട്ടറി ഡോ. എം.എസ്. മുരളിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച യാത്രയപ്പ് സമ്മേളനം പ്രൗഢഗംഭീരമായിരുന്നു. 17-04-2021നു എം.ബി.ടി.യുടെ വാർഷിക ജനറൽ ബോഡി യോഗം ഓൺലൈൻ ആയി ചേർന്നു. കഴിഞ്ഞ വർഷത്തെ ഭരണസമിതിതന്നെ ഈ വർഷവും തുടരാൻ യോഗം തീരുമാനിച്ചു.

ഈ വർഷത്തെ വെക്കേഷൻ അധ്യാപകർക്ക് ഒഴിവാക്കുന്നതിനുള്ള നീക്കം കോളേജ് വിദ്യാഭ്യാസവകുപ്പിന്റെ ഭാഗത്തു നിന്നും മാർച്ച് മാസം ഉണ്ടായി. ഇത് അറിഞ്ഞയുടൻ തന്നെ സംഘടന സർക്കാർ തലത്തിലും യൂണിവേഴ്സിറ്റി തലത്തിലും വേണ്ട ഇടപെടൽ നടത്തി. സർവകലാശാലകളെ കൊണ്ട് സമയബന്ധിതമായി സർക്കുലർ ഇറക്കിക്കുവാനും നമുക്ക് സാധിച്ചു. എന്നിരുന്നാലും അധ്യാപകർ എന്ന രീതിയിൽ കുട്ടികളുടെ പാഠഭാഗങ്ങൾ തീർക്കാൻ വേണ്ട ഇടപെടൽ നമ്മൾ നടത്തണം. ഓൺലൈൻ സൗകര്യം നമുക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

കേന്ദ്രസർക്കാർ ഡി.എ. മരവിപ്പിച്ചതിന്റെ ചുവടുപറ്റി നമ്മളുടെ ഡി.എ. കൂടി ഉദ്യോഗസ്ഥർ മരവിപ്പിച്ചിരിക്കുകയാണ്. യാഥാർത്ഥത്തിൽ ഇത് ഓർഡർ തെറ്റായി വ്യാഖ്യാനിച്ചാണ് ഇത്തരമൊരു നീക്കം നടത്തിയിരിക്കുന്നത്. സംഘടന ഈ വിഷയത്തിൽ ധനകാര്യവകുപ്പിൽ ഇടപെട്ടിട്ടുണ്ട്. പേ റിവിഷൻ അരിയർ പ്രോസസ്സ് ചെയ്യാൻ സാധിക്കുന്നില്ല എന്ന വിഷയത്തിലും സംഘടന വേണ്ട ഇടപെടൽ നടത്തും. ഫിനാൻസ് വകുപ്പ് വേണ്ട നിർദേശം സ്പാർക്കിനു നല്കുമെന്നു അറിയിച്ചിട്ടുണ്ട്. എന്നാലും ഇത് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ സ്പാർക് സെക്ഷനിൽ ഇടപെടാൻ ചില പരിമിതികളും ഉണ്ട്. പ്ലേസ്മെന്റ് വിഷയത്തിൽ 23-02-2016 വരെ എയ്ഡഡ് കോളേജ് അധ്യാപകർക്ക് അനുവദിച്ചിട്ടുള്ള എ.പി.ഐ സ്കോർ ഇളവ് സർക്കാർ കോളേജ് അധ്യാപകർക്കും അനുവദിക്കുന്നതിന് വേണ്ടി സംഘടന സജീവമായി ഇടപെടുന്നുണ്ട്.

മറ്റൊരു പ്രധാനപെട്ട വിഷയം ഇലക്ഷൻ ഡ്യൂട്ടി സംബന്ധിച്ചാണ്. ഇലക്ഷൻ പ്രക്രിയ ലഘൂകരിക്കുന്നതിനു ആവശ്യമായ നിർദേശങ്ങൾ അടങ്ങുന്ന കത്ത് അടുത്ത ആഴ്ച തന്നെ നൽകും. എന്നിരുന്നാലും ഇപ്പോൾ സ്ട്രോങ്ങ് റൂം കാവൽ ഡ്യൂട്ടി ജോലികളിൽ ഏർപ്പെടുന്ന ജീവനക്കാർ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട് എന്നത് കാണിച്ചു സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനു ഒരു കത്ത്

നൽകിയിട്ടുണ്ട്. എ.ജി. ഓഫിസിൽ കാര്യങ്ങൾ മെല്ലെയാണ് നീങ്ങുന്നത് എന്ന് പരാതി ഉയർന്നിട്ടുണ്ട്. ഇത് സംബന്ധിച്ചു പ്രശ്നങ്ങൾ ഉള്ളവർ സർവീസ് സെല്ലുമായി ബന്ധപ്പെട്ടാൽ കാര്യങ്ങൾക്കു പരിഹാരം കാണാൻ സാധിക്കും.

കോവിഡ് വാക്സിൻ സംബന്ധിച്ചു വലിയ സാമ്പത്തിക ബാധ്യത സർക്കാരിന് ഉണ്ടാവുന്നുണ്ട്. ഒരു ജനതയുടെ ആരോഗ്യം സംരക്ഷിക്കാൻ സർക്കാർ നടത്തുന്ന ശ്രമത്തിനു നമ്മൾ വേണ്ട പിന്തുണ നൽകണം. ഇത് സംബന്ധിച്ചും ഇന്ന് നമുക്ക് തീരുമാനം എടുക്കണം. ട്രാൻസ്ഫർ വിഷയത്തിൽ സംഘടന ശ്രദ്ധിക്കേണ്ട അപേക്ഷകളിൽ മെയ് ആദ്യവാരം തന്നെ വേണ്ട ഇടപെടൽ നടത്തുന്നതാണ്.

തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാറിപ്പോർട്ടിംഗ് നടത്തി. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്മേലും, ജില്ലാ റിപ്പോർട്ടിന്മേലും വിശദമായ ചർച്ച നടന്നു. ചർച്ചയിൽ എല്ലാ പ്രവർത്തകസമിതി അംഗങ്ങളും സജീവമായി പങ്കെടുത്തു. അതിനുശേഷം ജനറൽ സെക്രട്ടറി മറുപടി നൽകി. ഇതിനെത്തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. സർവീസ് സെൽ, സംഘശബ്ദം, വനിതാസബ്കമ്മിറ്റി എന്നിവ പുനഃ സംഘടിപ്പിച്ചു.

<u>**സർവീസ് സെൽ**</u>: കോഓർഡിനേറ്റർ: ഡോ. റോസ്നിക്സ് (കണ്ണൂർ മേഖല), ഡോ. മാണിക്കരാജ്, ഡോ. അശോക് (കോഴിക്കോട് മേഖല), സൗമ്യ, ഡോ. എം.എ.അസ്കർ (കോട്ടയം മേഖല), ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. പ്രിൻസ് പി.ആർ. (തിരുവനന്തപുരം മേഖല, സ്പാർക്), ഡോ. സുനിൽ വി. ടി., ഡോ. രാജേഷ് കുമാർ പി. (പി.എസ് സി.), സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി (സെക്രട്ടേറിയറ്റ്).

<u>സംഘശബ്ദം പത്രാധിപസമിതി</u>:
ചീഫ് എഡിറ്റർ: ഡോ. എം. സത്യൻ (ജനറൽ സെക്രട്ടറി),
മാനേജിങ് എഡിറ്റർ: ഡോ. മനോമോഹൻ ആന്റണി,
എഡിറ്റർ: അലികുട്ടി സി.
അംഗങ്ങൾ: ഡോ. എൻ മനോജ് (പ്രസിഡൻറ്), ഡോ. എം എ അസ്കർ (യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്ത പുരം), ഡോ. പ്രിൻസ് പി ആർ (യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം), ഡോ. സുരേഷ് കുമാർ (ട്രീച്ചർ എഡ്യൂക്കേഷൻ കോളേജ്, കോഴിക്കോട്), റോയി കെ ബി (ഗവൺമെൻറ് കോളേജ് പട്ടാമ്പി), ഡോ. അമ്പിളി (ഗവൺമെൻറ് കോളേജ് തിരൂർ), ഡോ. സൗമ്യ എസ് (യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം), ഡോ. ജമീൽ അഹ്മദ് (ഗവൺമെൻറ് കോളേജ് പട്ടാമ്പി), ഡോ. സഞ്ജയ്കുമാർ എസ്. (ഗവൺമെൻറ് കോളേജ് മലപ്പുറം), ഡോ.കെ.റഹീം (ഗവൺമെൻറ് കോളേജ് നെടുമങ്ങാട്), ഡോ. മായ മാധവൻ (ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം, ഉണ്ണികൃഷ്ണൻ പി (ഗവൺമെൻറ് കോളേജ് കാസർഗോഡ്), സലാഹുദ്ദീൻ സി ടി. (ഗവൺമെൻറ് കോളേജ് മലപ്പുറം), ഡോ. ആനന്ദ് ദിലീപ് രാജ് (സർക്കാർ വനിതാ കോളേജ് തിരുവനന്തപുരം), ഡോ. ബിന്ദു എ കെ (മഹാരാജാസ് കോളേജ് എറണാകുളം).

<u>വനിതാ സബ്കമ്മിറ്റി</u>:
കൺവീനർ: ഡോ. സുമി ജോയ് ഒലിയപ്പുറം

മേഖല കൺവീനർമാർ: ഡോ. ബിന്ദു വെൽസർ (കേരള സർവകലാശാല), ഡോ. രേഖ കരീം (എം.ജി.), സോണിയ ഇ.പ. (കാലിക്കറ്റ്), ഡോ. വിദ്യ (കണ്ണൂർ). ജില്ലാ കൺവീനർമാർ: ഡോ. ബിജിത (തിരുവനന്തപുരം), ഡോ. സന്ധ്യ (കൊല്ലം), സ്മിത വി കെ. (കോട്ടയം), ഡോ. നിഷ (ഇടുക്കി), ഡോ. സ്മിത ടി.എം. (എറണാകുളം), ഡോ. രമ്യ ആർ. (തൃശൂർ), ഡോ.സാബിറ, (മലപ്പുറം), ഡോ. മഹിജ (പാലക്കാട്), കെ.ആർ. രാഗി (കോഴിക്കോട്), ശാലിനി പി (വയനാട്),: നവ്യ വി കെ (കണ്ണൂർ), ഡോ. ദിവ്യ വി (കാസർഗോഡ്)

2. അക്കാദമിക് കമ്മിറ്റി, എ.സി.എസ്.ആർ. എന്നിവ മെയ് പത്തിനകം പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചു.
3. പ്ലേസ്മെൻറ് വിഷയത്തിൽ സംഘടന സമയബന്ധിതമായി ഇടപെടും.
4. ഏഴാംശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട അരിയർ വിഷയത്തിൽ ഇടപെടാൻ തീരുമാനിച്ചു.
5. ഈ വർഷത്തെ ട്രാൻസ്ഫർ വിഷയത്തിൽ വേണ്ട ഇടപെടൽ സംഘടന നടത്തും.
6. പ്രിൻസിപ്പൽ നിയമനം സീനിയോറിറ്റി അടിസ്ഥാനത്ത്തിൽ നടത്താൻ വേണ്ട ഇടപെടൽ സംഘടന നടത്തും.
7. പി.എച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ്, എച്.ആർ.എ., എച്.ടി .എ. വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തും.
8. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ പ്ലേസ്മെന്റ് ആവശ്യത്തിനുള്ള റിഫ്രഷർ/ ഓറിയന്റേഷൻ കോഴ്സുകൾക്കു റിലാക്സേഷൻ ലഭിക്കാൻ വേണ്ട ഇടപെടൽ യു.ജി.സി. തലത്തിൽ ഐഫക്ടോ വഴി സംഘടന നടത്തും.
9. വാക്സിൻ ചലഞ്ച് ഏറ്റെടുക്കാൻ തീരുമാനിച്ചു. ഓരോ അംഗത്തിൽ നിന്നും ആയിരം രൂപയിൽ കുറയാത്ത തുക മെയ്മാസം 5ന് മുൻപ് യൂണിറ്റ് സെക്രട്ടറി മുഖാന്തിരം ശേഖരിച്ചു സി.എം.ഡി.ആർ.എഫിലേയ്ക്ക് നല്കാൻ തീരുമാനിച്ചു. പതിനായിരം രൂപയ്ക്ക് മുകളിൽ നൽകാൻ ഉദ്ദേശിക്കുന്നവർ പ്രസ്തുത തുകയുടെ ചെക്ക് സംഘടനവഴി നൽകണം എന്ന് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു.
10. കഴിഞ്ഞ കോവിഡ്കാലത്ത് സർക്കാർ ജീവനക്കാരിൽ നിന്നും അഞ്ച് തവണകളായി സമാഹരിച്ച ഒരു മാസത്തെ ശമ്പളം അടുത്തമാസം മുതൽ തിരികെ ജീവനക്കാർക്ക് ലഭിക്കുമ്പോൾ അതിന്റെ ഒരു ഭാഗം (അഞ്ചുഗഡുക്കളിൽ ഒന്ന്) സി.എം.ഡി.ആർ.എഫിലേയ്ക്ക് നല്കുന്നതിന് പ്രേരിപ്പിക്കുന്ന രീതിയിൽ കാമ്പയിൽ പ്രവർത്തനം ഏറ്റെടുക്കാൻ തീരുമാനിച്ചു.
11. ഏഴാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്നതിനും, പരിഹരിക്കുന്നതിനും ഡോ. എൻ.മനോജ് (പ്രസിഡന്റ്), ഡോ. എം.സത്യൻ (ജനറൽ സെക്രട്ടറി), ഡോ. മുഹമ്മദ് റഫീഖ് ടി (ട്രഷറർ), ഡോ. വിഷ്ണു വി.എസ് (അക്കാദമിക് കമ്മിറ്റി ചെയർമാൻ), ഡോ. പ്രിൻസ് പി.ആർ. (സംസ്ഥാന പ്രവർത്തക സമിതി അംഗം) എന്നിവർ അടങ്ങുന്ന ഒരു അഞ്ചംഗ സമിതി രൂപീകരിച്ചു.

യോഗം ഉച്ചക്ക് 12.30ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
25-04-2021

ഡോ. എം. സത്യൻ
ജനറൽ സെക്രട്ടറി